# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. എൽ. പി. എസ്

തേവന്നൂർ

2025 - 26

വിദ്യാലയത്തിന്റെ പേര് - ഗവ.എൽ.പി.എസ്.
തേവന്നൂർ

## ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യമാണ് ഓരോ അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. ഓരോ ക്ലാസ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അധ്യാപകരുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപികയുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

# വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും, അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- കുട്ടികൾ സംയുക്തഡയറി, സർഗാത്മക ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കു
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കുക.

അക്കാദമിക

മാസ്റ്റർ പ്ലാൻ

ഒന്നാം ക്ലാസ്

മലയാളം.

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുന്നു.
* കഥകളും മറ്റും വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുന്നു.
* സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതാൻ ഉള്ള കഴിവ് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നു.
* വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുകയും അവ നവമാധ്യമങ്ങളിൽ പങ്കിടുകയും ചെയ്യുന്നു.
* വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് നയിക്കാൻ ആവശ്യമായ ശില്പശാലകൾ നടത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ :-

★ സചിത്ര നോട്ട്ബുക്ക് , സചിത്ര പുസ്തകങ്ങൾ, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
★ സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
★ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
★ ചിത്രകാർഡുകൾ , വായന കാർഡുകൾ നിർമ്മാണ ശില്പശാല.

## ജൂലൈ.

★ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
★ കഥ പറയാൻ അവസരം ഒരുക്കൽ
★ വായന മൂല , ക്ലാസ് ലൈബ്രറി ഒരുക്കൽ .
★ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു,
★ ചിത്ര വായനയ്ക്ക് അവസരം നൽകുന്നു.

## ഓഗസ്റ്റ്

★ റീഡേഴ്സ് തിയേറ്റർ , നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ
★ ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു.
★ സംയുക്ത ഡയറി മെച്ചപ്പെടുത്തൽ.
★ അക്ഷരചാർട്ടുകൾ , ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ .

## സെപ്റ്റംബർ

★ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യതമാക്കൽ.

* വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു.

## ഒക്ടോബർ

* സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി.
* വായനോത്സവം സംഘടിപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം.
* രചനോത്സവം.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.

## നവംബർ

* കൂട്ട വായന, നാട്ടുവായന, വീട്ടുവായന ചിത്രവായന
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായന.

## ഡിസംബർ.

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തമായി അവതരിപ്പിക്കും.
* രചന ശേഷി പരിപോഷിപ്പിക്കൽ.
* കഥകൾ, കവിതകൾ എന്നിവ എഴുതാൻ
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

# ACADEMIC MASTER PLAN

## STD 1

## ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to heart.

The academic master plan is designed to ensure that not a single child goes illiterate.

### Objectives and learning outcomes.

- Respond to simple instructions in the class room
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identify them from Pictures.

### JUNE

* Introduce symbol words.
* Provides picture cards.

### July

* Identify familiar words.
* Say familiar words
* Read familiar words.
* Write familiar words.

### August

* Enjoy songs and sings them with rhythm and action

* Describe orally about pictures and objects using adjectives.

SEPTEMBER

* Read and write simple words and simple sentences
* Provides picture cards and reading cards.

OCTOBER

* Introduce simple picture descriptions.
* Make word chain, sentence chain.
* Make riddles.
* Describing words, rhyming words.
* Text book activities.

NOVEMBER

* Prepare reading cards.
* Provide more opportunities to read, write and speak English.
* Writes five English words daily.

DECEMBER

* Read and understand simple instructions in the class room.
* Encourage digital reading.

JANUARY

* Enjoy songs and sings them with Rhythm and action.
* Make picture albums.
* collect pictures of animals and its young ones.

FEBRUARY

* Provide the opportunity to express myself in the class room
* English assembly once in a week

MARCH

* Speaks English fluently.
* Read and write simple sentences.
* Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## ഗണിതം.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാംക്ലാസിൽ നിന്നുതന്നെ ലളിതപ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്

### ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റക്കസംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയസംഖ്യ കിട്ടുമെന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ-അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒറ്റക്കസംഖ്യകളുടെ വ്യവകലനം.
- ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റക്കസംഖ്യ പാറ്റേൺ രൂപീകരിക്കൽ.
- ഒറ്റക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

### ജൂൺ

* സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ

### ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വള്ളികൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

* ഒന്നു മുതൽ 20വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
* ഒറ്റസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റ സംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങളിൽ ഏർപ്പെടൽ
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പി.ടി.എയിൽ പ്രദർശിപ്പിക്കുന്നു.
* വിലവിവരപട്ടിക, പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

അക്കാദമിക മാസ്റ്റർപ്ലാൻ Std. II മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷിവികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിനും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും വിവേകവരായി തീരണം എന്നാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ.

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക,

വർഷാവസാനം സ്വന്തമായ ലേഖനത്തിൽ ഉൾപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഉൾപ്പെടുകയും ചെയ്യുന്നു.

• ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

• ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം.

മുന്നൊരുക്കം

പ്രീ ടെസ്റ്റ് നടത്തുന്നു.

എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ (PTA നടത്തി എല്ലാ മാസവും പിന്നോക്കകുട്ടിക്ക് ലക്ഷ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്ന പ്രവർത്തനലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

ജൂൺ

---

ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
• വായനാസാമഗ്രികൾ നിർമ്മിക്കൽ
• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

ടാക്കുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു
. തിരിച്ചറിവുമായി ബന്ധപ്പെട്ട് വായനയുടെ
ഫലപ്പെടുത്തിന്റെയും സാധ്യതകൾ ഉപയോഗിക്കുന്നു.
. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ
സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കാൻ
രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്താൻ
. വീട്ടു ലൈബ്രറി ഒരുക്കൽ
. ചിത്ര വിവരണം.
. വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര
രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്തംബർ

. വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കാൻ
. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
. വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
. വായിച്ച കഥാപാത്രങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥ/സംഭാഷണ
ങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി
അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
. വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ
വേണ്ടുന്ന മുൻഗണന നൽകുന്നു.
ഉദാ: ആന
വലിയ ആന, കറുത്ത വലിയ ആന.

## നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക
പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം
കൊടുക്കുന്നു

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരമൊരുക്കുന്നു

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ (കവിതാപൂരണം).

ലഘുവിവരണങ്ങൾ പത്രങ്ങളിൽ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുകൂടി ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്).

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ

മാർച്ച്

. വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
. ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
. ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കൈയെഴുത്ത്, മാസിക, മാഗസിനുകൾ തയ്യാറാക്കൽ
. വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# അക്കാദമിക മാസ്റ്റർപ്ലാൻ ഗണിതം Std. II

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലെത്തുമ്പോഴും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗസഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഗണിതപ്രവർത്തനത്തിലും തത്പരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്നതാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്

## പ്രവർത്തനലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിവയെയും ഉള്ള ശേഷി ഉറപ്പാക്കൽ

- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിതസംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്ന എഴുതുന്ന (100-ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യാസത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ അഞ്ച് എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോഗം ചെയ്യുന്നതിൽ മുന്നൊരുക്കം.

ഗണിതാശയങ്ങൾ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തനലക്ഷ്യം

പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജ്ഞാനം

1, 2, 3, 4, ...
1, 3, 5, 7
10, 20, 30, 40
5, 10, 15, 20
2, 4, 6, 8 തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ

ആശയം

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി അതിനെ എണ്ണം പറയൽ

ഗണിതകിറ്റ് എണ്ണൽകട്ടികളിലും ഉറപ്പാക്കൽ

പത്തിന്റെയും അഞ്ചിന്റെയും കൂട്ടങ്ങൾ ചേർത്ത് തുടർന്ന സംഖ്യകൾ ആവിഷ്കരിക്കൽ (5+5=10) 10+10=20

നൈപുണി

, വിവിധ പാറ്റേണുകൾ ആവിഷ്കരിക്കൽ

. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നാൽ 100

ഓരോ സംഖ്യകളെയും പ്രായോഗികഗണിതാശയ മേഖലകളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

ഗണിതത്തിലെ സാധനങ്ങൾ നിരത്തി
പ്രായോഗികപ്രശ്നം പരിഹരിക്കൽ
· വിലവിവരപട്ടിക തയ്യാറാക്കൽ
· ക്ലാസിലെ ദൂരം, സ്കൂളിലെ ദൂരം, ഗണിതാശയങ്ങൾ പ്രായോഗികരീതിയിലുള്ളതാക്കുന്നു

ഒക്ടോബർ

· രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
· സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ
· സംഖ്യ, പാറ്റേണുകൾ രൂപീകരിക്കൽ. പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗികപ്രശ്നം ഉന്നയിക്കൽ
5, 10, 15, 20, 25 (5 വീതം കൂടി) പ്രശ്നം
വിശകലനം ചെയ്യൽ

നവംബർ

സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
പ്രായോഗികപ്രശ്നപരിഹാരത്തിനായി തീപ്പെട്ടിക്കോലുകൾ, പേപ്പർ ഒട്ടേറെ കെട്ടി തയ്യാറാക്കി സംഖ്യാപഠനം
· ക്ലാസിനൊരു കടയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
· നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ
കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവ്. സംഖ്യ,
വ്യാഖ്യാനം ഉറപ്പാക്കൽ
· സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായ്
അബാക്കസ് നിർമിക്കൽ
രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി
വ്യത്യസ്തരീതികൾ ഉപയോഗിക്കുന്നു

ജനുവരി.

വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

· സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

· ഗണിതം ആസ്വാദ്യതരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ

· ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

· കലണ്ടർ, പതിപ്പ് തയ്യാറാക്കൽ

· കലണ്ടറിൽ ചുവന്ന അക്കങ്ങളും, കറുത്ത അക്കങ്ങളും തിരിച്ചറിവ്, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

· കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ ക്രോഡീകരിക്കൽ

· കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

· ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായ് കഴിയുക.

Academic master plan. Std: II

English

Aim. To speak Read and write English without any mistakes.

Time - June, July, August

June.

Pretest

To develop listening skills and reading skill first

Listening skills

Game, Action songs, Hello English activities 2 conversation, skit, stories use ICT

speaking skills, descriptions, growing sentences, Picture reading, picture description self introduction Assembly activities speech, book review, quiz riddle, self introduction, school radio etc

July and August

Reading skills

Newspaper reading library books reading, book review reading breaking news find words collect and read past tense, rhyming words describing words etc Text book activities

Writing skills

Make word web, Picture description, word chain Sentence chain make words and sentences make riddles conversations

Add more lines develop story description, notice proclamation, diary letter Announcement, magazines.